



# DIGITAL MAGAZINE

# 2018-2019

# GOVT HSS AYYANKOICKAL

# "Little KITEs"









ittle
KITEs

GOVERNMENT OF KERALA
DEPARTMENT OF GENERAL EDUCATION

KERALA I
TECHNOL

INFRASTRUCTURE AND TECHNOLOGY FOR EDUCATIC

# Certificate of Registration

REGISTRATION No. LK/2018/41075

*This is to certify and grant approval to*

41075 - G.H.S.S Ayyankoickal, Kollam (DEO)

Kollam *District as a unit of* LITTLE KI

ANVAR SADAT
Vice Chairman & Execu





# MEMBERS OF Little KITEs
# GOVT H S S AYYANKOICKAL-2018-19






# WELCOME



# DIGITAL MAGAZINE

# 2019

# GOVT HSS AYYANKOICKAL

# “Little KITEs”

# സന്ദേശം



പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഏറ്റവും മഹത്തായ നേട്ടങ്ങളിലൊന്നാണ് കഴിഞ്ഞ അധ്യായനവർഷം മുതൽ സ്ക്കൂളുകളിൽ നടപ്പിലാക്കിയ "LITTLE KITES" പദ്ധതി. വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വികസനവും സങ്കേതിക മികവും ഗവേഷണ ത്വരയും പ്രകടമാക്കാനുള്ള അവസരം ഒരു "ഡിജിറ്റൽ മാഗസിൻ " തയ്യാറാക്കിയ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുകയാണ്. കുട്ടികളുടെയും അദ്ധ്യാപകരുടേയും രചനകളും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശേഖരിച്ച വിവരങ്ങളും ചേർത്ത് മനോഹരമാക്കിയിരിക്കുകയാണ് മാഗസിൻ. അയ്യൻകോയിക്കൽ ഹയർസെക്കന്ററി സ്ക്കൂളിലെ "Little KiteS" യൂണിറ്റ് പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**T. PRASANNA KUMARY**

**HEAD MISTRESS**
**GOVT HSS AYYANKOICKAL**

# സന്ദേശം



അയ്യൻകോയിക്കൽ ഗവ;ഹയർസെക്കണ്ടറി സ്കൂളിലെ "ലിറ്റിൽ കൈറ്റ്സ്"വിദ്യാർത്ഥികൾ തയ്യാറാക്കിയ "പട്ടം" എന്ന ഡിജിറ്റൽ മാഗസിനിൽ സ്കൂളിന്റെ ചരിത്രം,പ്രദേശത്തെ പ്രമുഖ വ്യക്തികളുടെയും പ്രശസ്തഐ.ടി. വിദ്ഗ്ദരുടെയും വിവരങ്ങൾ,വിദ്യാർത്ഥികളുടെ സർഗ്ഗശേഷികൾ എന്നിവ പ്രസിദ്ധികരിക്കുന്നു. ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

G KRISHNAKUMAR

PRINCIPAL
GOVT HSS AYYANKOICKAL

# സന്ദേശം



ആധുനിക സാങ്കേതിക വിദ്യ നമ്മുടെ നാടിന് പ്രയോജനപ്പെടത്തക്കവിധം അയ്യൻകോയിക്കൽ ഹയർസെക്കന്ററി സ്കൂളിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മ ആണ് ലിറ്റിൽ കൈറ്റ്സ്.അവർ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന്എല്ലാവിധ ഭാവുകങ്ങളും നേരുന്നു.ഒപ്പം സാങ്കേതിക വിദ്യയുടെ നവമാനങ്ങൾ കീഴടക്കാൻ നമ്മുടെ വിദ്യാർത്ഥികൾക്ക് കഴിയട്ടേയെന്ന് ആശീർവദിക്കുന്നു.

.

ശ്രീ ഐ ഷിഹാബ്

പഞ്ചായത്ത് പ്രസിഡന്റ്

തേവലക്കര.

# സന്ദേശം



അയ്യൻകോയിക്കൽ ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രസിദ്ധികരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.ആധുനിക കാലഘട്ടത്തിൽ സാങ്കേതികവിദ്യയുടെ പടവുകൾ അനായാസം താണ്ടാൻ വിദ്യാർത്ഥികളെ സക്ഷമരാക്കുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതി പൊതു വിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന് ഏറെ മാറ്റു കൂട്ടുന്നതാണ്.

കെ.മോഹനകുട്ടൻ

PTA പ്രസിഡന്റ്

അയ്യൻകോയിക്കൽ ഹയർ സെക്കന്ററി സ്കൂൾ.


# **സന്ദേശം**

**ഡിജിറ്റൽ യുഗത്തിലെ വർണ്ണ വൈവിധ്യങ്ങൾ പുതിയ തലമുയ്ക്ക് അനുഭവവേദ്യക്കാനുള്ള പരിശീലനക്കളരിയാണ് "Little KITEs”. ആധുനിക സാങ്കേതിക വിദ്യയുടെ ബാലപാഠങ്ങൾ സ്വായത്തമാക്രാൻ ശ്രമിക്കുന്ന നമ്മുടെ വിദ്യാർത്ഥികളുടെ എളിയ ശ്രമത്തിന് എല്ലാ ആശംസകളും അനുഗ്രഹങ്ങളും നേരുന്നു.**

**Little KITEs MISTRESSES**

**Dr SMITHA S NAIR**

**PRIYANKA S GOPALAKRISHNAN**







# സമർപ്പണം

അയ്യൻകോയിക്കൽ ഹയർസെക്കന്ററി സ്ക്കൂളിലെആദരണീയരായ ഗുരുക്കൻമാർക്കും

പ്രിയനാടിനും.............

# 116 വർഷത്തെ പാരമ്പര്യം



# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്ക്കളുകളിൽ പ്രവർത്തിച്ചു വരുന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മയാണ് **Little KITEs.**

ഹാർഡ്‌വയർ , ഇലക്‌ട്രോണിക്സ് , അനിമേഷൻ , സൈബർ സുരക്ഷ , മലയാളം കംപ്യൂട്ടിങ് , മൊബൈൽ ആപ് നിർമ്മാണം , പ്രോഗ്രാമിങ് , റോബോട്ടിക്സ് , ഇ-ഗവേണൻസ് , വെബ് ടിവി തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേക വൈദഗ്ദ്ധ്യം നൽകുന്നതാണ് ലിറ്റിൽ കൈറ്റ്സ് പദ്ധതി.

അയ്യൻകോയിക്കൽ ഗവൺമെന്റ് ഹയർസെക്കന്ററി സ്ക്കൂളിലെ **Little KITEs unit** തയ്യാറാക്കിയ "പട്ടം" എന്ന **Digital Magazine** ഏവരുടെയും സമക്ഷം സവിനയം സമർപ്പിക്കുന്നു. ആദ്യത്തെ ചുവടുവയ്പ്പ് എന്ന നിലയിൽ തെറ്റുകുറ്റങ്ങളും പറ്റിയിട്ടുണ്ടാകാം. കൂടുതൽ നിർദ്ദേശങ്ങളും തിരുത്തലുകളും അനുഗ്രഹങ്ങളും ആശിർവാദവും ഏവരിൽ നിന്നും പ്രതീക്ഷിച്ചുകൊണ്ട് .

**Little KITEs**
**Govt. H S S AYYANKOICKAL**

**LITTLE KITE MISTRESSES –**

**Dr. SMITHA .S. NAIR**

**Smt. PRIYANKA GOPALAKRISHNAN**

**CHIEF EDITOR: ASNA . S**

SUB EDITORS :-

SHAHINA .S
MYDHILY.M
POOJA.P
SARANYA
SURYA
AKBAR ROOMY
JIBIN BIJU
MAHIN
HANSA .SALIM
VIKNESH
SREERAG
MUKESH

***SPECIAL THANKS :- Sri ABHISHEK .G***

# ഉള്ളടക്കം

## കവിതകൾ


1. മഴവില്ലിൻ അഴക്
2. കണ്ണനു വേണ്ടി
3. പ്രകൃതി
4. മാതൃഭാഷ
5. നഷ്ടത്തിന്റെ കണക്കുകൾ
6. അമ്മ
7. യാത്ര
8. പുതിയ തലമുറ


## POEMS


1. Love
2. My class


## BIOGRAPHY

## ലേഖനവും കഥകളും


1. എന്റെ കേരളം എന്റെ ഭാവനയിൽ
2. കാലിത്തൊഴുത്ത്
3. ഓർമ്മ
4. നമ്മുടെ വിദ്യാലയത്തിന്റെ ചരിത്രം
5. ഒന്റാരിയ
6. പണം
7. അമ്മയുടെ ഓർമ്മ


## ചവറയിലെ പ്രമുഖ വ്യക്തികൾ


## വരകളും വർണ്ണങ്ങളും

## GALLERY
## NUMBER CHART



# കവിതകൾ

# മഴവില്ലിൻ അഴക്



അഴകേ സൗന്ദര്യ ചിറകേ
നിൻ നാമമെന്താണ്
അഴകെന്നോ
സൗന്ദര്യശാലിയെന്നോ ?
വെറും ശലഭമല്ല നീ
ഒരു ഷഡ്പദമല്ല
നീ നിൻ ചിറകിൻ അഴക്
നിൻ മേനിതൻ സൗന്ദര്യം
കുളിരേകുന്ന കുളിരാകുന്ന

നീ നണയുന്ന തേനിൻ
മാധുര്യം ചൊല്ലി തന്നിടാമോ ?
നിന്നഴകിൻ രഹസ്യം
പറഞ്ഞു തന്നിടാമോ?
മഴവില്ലല്ല നിൻ സൗന്ദര്യം
മഴവില്ലിൻ സത്താം സൗന്ദര്യം
ഭൂമിതൻ അഴക്
ഭൂമിക്ക് സ്വന്തം
സൗന്ദര്യമേ നീ ചൊല്ലൂ....
എന്തേ നീ പറന്നകലുന്നു....



ശ്രീലക്ഷ്മി -10 A

# കണ്ണനു വേണ്ടി



കണ്ണനു കണ്ണായി ഗോപികയായി
തോഴിയായി പാടാം ഞാൻ, കണ്ണാ.......
തോഴിയായി പാടാം ഞാൻ
(കണ്ണനു-പാടാം ഞാൻ)
താമരവിടരും നേരം
പുല്ലാംകുഴലുമായി പാട്ടുകേൾക്കാം ഞാൻ, കണ്ണാ
പാട്ടുകേൾക്കാം ഞാൻ
(കണ്ണനു-പാടാം ഞാൻ)
കാർമുകിൽ പാടും .........രാഗമിരാഗം
കേട്ടിടാം, കണ്ണാ.........കേട്ടിടാം ഞാൻ
(കണ്ണനു-പാടാം ഞാൻ)
വെണ്ണ കവർന്നിടാം ,കണ്ണനു സമർപ്പിക്കാം,
പാട്ടിന്റെ പാലാഴി പാടിടാം, കണ്ണാ..........
പാലാഴി കേട്ടിടാം ഞാൻ
(കണ്ണനു-പാടാം ഞാൻ)



തീർത്ഥ വിജയൻ
9.സി

# പ്രകൃതി



രാവിൻ നിഴലിൽ പൂക്കൾ വിടരുന്നു

വണ്ടുകൾ പാറിപറന്നിടുന്നു

ആ പ്രകൃതി സൗന്ദര്യം ആസ്വാദിക്കാനായികാറ്റെന്ന പേരുള്ളൊരമ്മാവൻ

പറപറന്നങ്ങുവന്നു

കായലരികിലായി കൊക്കുകൾ

ഒറ്റക്കാലനായി തപസിരിക്കും.

ചെമ്പനീർപ്പൂക്കൾ തൻമൊട്ടുകളിലായി

വണ്ടുകൾ ശലഭങ്ങൾ വന്നുനിന്നു

ആ അമൃതാകുന്ന തേൻ തൂകിയുണർത്തി

മിഴികൾ തുറപ്പിച്ചിട്ടുന്ന പുഷ്പങ്ങൾ

വെള്ളനിറമുള്ള തുമ്പകൾ പിച്ചികൾനിരനിരയായി തളിർത്തിടുന്നു

ആ ഭൂസൗന്ദര്യം എൻ കൺകളിലായി

നിറഞ്ഞിരുന്നു.


സ്വാതി എസ് 10 B



# മാതൃഭാഷ



മാതൃഭാഷാസ്വരം
മീട്ടുകയാണെന്നെ
മലയാളിയാക്കുന്ന മലയാളമേ...
തിങ്കൾ നിലാവൊന്നുനോക്കിച്ചിരിച്ചു
കൊണ്ടോതുന്ന മലയാള ഭാഷമീട്ടാൻ;
മലരണിക്കാടും മരതകപ്പച്ചയും
നിസ്വനമായങ്ങു വാണിടുന്നു.
ഇനിയും നമുക്കായി വന്നുച്ചേരുന്നിതാ-
മലയാള ഭാഷതൻ കീർത്തിയെല്ലാം ;
മലയാളമേ നിന്നെയോർക്കുമ്പോഴേൻ
ഹൃദയം മരതകപ്പച്ചയായി മാറിടുന്നു.
അംഗവും കളരിയും, മേളവും,രാഗവും,
മെല്ലെ ഇഴചേരും മലയാളമേ!
നിന്റെയീ ഭാഷയും, നിന്റെയീ കീർത്തിയും,
അഭിമാനമേകുന്ന തപ്പങ്ങളായി;
മലയാളമെന്നൊരു ഉദയസൂര്യൻ ഇവിടെ
തളിരിന്റെ തിരിനാളം ഉണർത്തിടുന്നു.



ഗ്രീഷ്മ ഷിബു
X A

# നഷ്ടത്തിന്റെ കണക്കുകൾ




മാപ്പു തരൂ എനിക്കു നീ മാപ്പു തരൂ,
നഷ്ടപ്പെടുത്തിയ ജീവിതത്തിൽ
നഷ്ടത്തിൻ കണക്കുകൾ എണ്ണിടുമ്പോൾ
സഹനമാം ജീവിതത്തിൻ വഴിത്താളുകളിലൂടെ,
ഒഴുകുന്ന പുഴയായി സഞ്ചരിച്ചു ഞാൻ.
നഷ്ടപ്പെടുത്തിയ ജീവിതത്തിൽ
അർത്ഥമില്ലാതൊഴുകുന്നൊരു കാട്ടരുവിയായി
മാപ്പു തരൂ എനിക്കു നീ മാപ്പു തരൂ,
നഷ്ടങ്ങൾ മാത്രം ബാക്കിയായ
എൻ ജീവിതത്തിൽ.
സങ്കടത്തിൻ തിരമാലകൾ ഒരു നെടുവീർപ്പായി,
എന്നിൽ പതിച്ചപ്പോൾ,
സങ്കടത്തിൻ ആഴക്കടലിൽ മുങ്ങിപ്പോങ്ങുന്നൊരു
കളിവഞ്ചിയായി നിന്നു ഞാൻ
എൻ നഷ്ടങ്ങൾ ഞാൻ തിരിച്ചറിഞ്ഞപ്പോൾ
എൻ ജീവിതവും അവസാനിച്ചിരുന്നു
മാപ്പ് തരൂ എനിക്കു നീ മാപ്പ് തരൂ

പൂജ പി
IX B [LITTLE KITE]





# അമ്മ

അമ്മയയാണെൻ മനസ്സ് എൻ
അമ്മയാണെൻമനസ്സ്
കള്ളവുമില്ല ചതിയുമില്ലാത്തൊരെൻ അമ്മയാണെൻ മനസ്സ്
[അമ്മയാണെൻ]

സ്നേഹവുമുള്ള അഹങ്കാരമില്ലാത്ത അമ്മയാണെൻ മനസ്സ്
[അമ്മയാണെൻ ]
പരിഭവമില്ല ദുഷിപ്പുമില്ലാത്തൊരെൻ അമ്മയാണെൻ മനസ്സ്
[അമ്മയാണെൻ]
ദേഷ്യവുമില്ല വെറുപ്പുമില്ലാത്തൊരെൻ-
അമ്മയാണെൻ മനസ്സ് [അമ്മയാണെൻ]
ദാനവും ചെയ്യുന്ന കൂട്ടുകൂട്ടുന്നൊരെൻ-
അമ്മയാണെൻ മനസ്സ് [അമ്മയാണെൻ]

Mydhili m 9B





## യാത്ര

കരയിൽ നിന്നു ഞാനേറെയകന്നു  പോയ്
കരകയറുന്ന മോഹം പോലിഞ്ഞു പോയ്
വഴിയിലെങ്ങോ മറന്നു കളഞ്ഞപോൽ
തിരയിലങ്ങനെ ചാഞ്ചാടി നിൽക്കുന്നു.

കടലുകാണുവാൻ മോഹിച്ചൊരിക്കൽ ഞാൻ
കരയിലാവേശ മേഘമായ് പാറവേ
തുഴചലിപ്പിക്കും കൈകൾക്കു ശക്തിയും
തുണയുമേകണേ സർവ്വലോകേശ്വര.

തിരയടങ്ങിപോൽ ജീവൽ പ്രതീക്ഷയും
ഇടവിടാതെന്നുടെ കണ്ണിലും കാതിലും.
അമിതവേഗത്തിലെത്തി കടൽത്തിര
മടിയിലേറ്റിവിളിക്കുന്നു സൗമ്യമായ്.

തലയുയർത്തിയ തീരത്തിരകളെൻ
കുറുകെ യാത്രചെയ്താദ്യം വിജയിയായ്
ഇനിയൊരിക്കൽ കടലുറങ്ങും വരെ.



Akhila Satheesh
9 C

# പുതിയ തലമുറ



അവർ അസ്വസ്ഥരാണ്,
പരിശ്രമം ആ വാക്കിന്റെ അർത്ഥം
മനസ്സിലാക്കില്ലെന്നു തോന്നുന്നു
ചോദ്യക്കടലാസിനു മുൻപിൽ
പകച്ചിരുന്നു പോയി ഒരു വേള
പിന്നെ ബോക്സുകൾ തുറന്നടയുന്ന കലപിലശബ്ദം
നോട്ടം അടുത്തിരുന്നവന്റെ താളുകളിൽ
അല്ല,അധ്യാപകരുടെ മുഖങ്ങളിൽ
നോട്ടത്തിന്റെ ഇടനേരങ്ങൾ
കുത്തിക്കുറിക്കുന്നതെന്തെന്നു
അവർക്കും നമുക്കും അറിയില്ല
രഹസ്യം പറഞ്ഞിരുന്ന കുട്ടിക്കാലം
മാഞ്ഞുപോയെന്നാരു പറഞ്ഞു
അവർ ഇപ്പോഴും പറയുന്നു
രഹസ്യമായി ഒരുപാട്ട കാര്യങ്ങൾ
അവനവനിലെ വിശ്വാസം.. അതു
നഷ്ടപ്പെട്ടു പോയിട്ട് വർഷങ്ങളായി
കാരണം അവർക്ക് കഷ്ടപ്പെടാൻ
ആവില്ല തന്നെ,
ലക്ഷ്യബോധമെന്നോ ഇല്ലാതെയായി
മൽസരബുദ്ധി..അത് മലയാളം വാക്കോ
അഭിമാനം.. ഹേ അതെന്തിന്?
അച്ചടക്കം...വെറും ഭ്രാന്ത്....
അധ്യാപകരുടെ സ്നേഹം..അതാർക്കു വേണം
ഗുരുത്വം..ഞങ്ങളെ പേടിപ്പിക്കേണ്ട

ശിക്ഷകളില്ലാത്ത കാലം
വിദ്യയെ വെറുക്കുന്ന കുഞ്ഞു മനസ്സുകൾ
വിനോദവും കാമവും അവരെ കീഴപ്പെടുത്തിയിരിക്കുന്നോ?
ഗുരുക്കൻമാർ...ചിലപ്പോഴൊക്കെ വെറും ശത്രുക്കൾ മാത്രം
നീളുന്ന നോട്ടങ്ങളിൽ വെറുപ്പും അവജ്ഞ്ഞയും
മൊഴിയുന്ന ശബ്ദങ്ങളിൽ നണയം വിദ്വേഷവും
അമ്മയോ,അധ്യപികയോ,വെറും സ്ത്രീകൾ മാത്രം
ഞങ്ങൾക്കെതിരെ ആരും ശബ്ദമുയർത്തേണ്ട..
ചോദ്യങ്ങൾ ഞങ്ങളോട് വേണ്ടേ വേണ്ട...
വീട്..വെറും ഉറക്കറ മാത്രം,
അമ്മ..വേലക്കാരി മാത്രം,
അധ്യാപിക-അടുത്ത ക്ലാസ്സിലേക്ക് ജയിപ്പിക്കുന്ന
ഏതോ ഭീകര ജീവി..........
നന്മയിലേക്ക് ചിന്തിക്കാൻ പ്രയാസം
അറിവ് അവർക്ക് ആവശ്യമില്ല
കൂട്ടുകാർ അവർക്ക് ആവശ്യമുണ്ട്.
മൂല്യം,സത്യം,അച്ചടക്കം,സ്നേഹം,ഗുരുത്വം
അയ്യേ! ഇതൊക്കെ അറപ്പുളവാക്കുന്ന വാക്കുകൾ
പെൻഡ്രൈവ്,മെമ്മറികാർഡ്,ആൻഡ്രോയിഡ്,
മൊബൈൽ,സിഡി ഇതൊക്കെ പ്രിയം
ഒരു മടങ്ങിപ്പോക്കോ....?എവിടേക്ക്...
അവരാണ് പുതിയ തലമുറ
രാജ്യത്തിന്റെ ഭാവി തോളിലേറ്റേണ്ടവർ
അമ്മയ്ക്ക് താങ്ങും തണലുമാകേണ്ടവർ
കുടുംബത്തിന്റെ അഭിമാനം നെഞ്ചിലേറ്റേണ്ടവർ
വയ്യ...അവർക്കിതൊന്നും വയ്യ.
അവരുടെ സ്വപ്നങ്ങളിൽ മദവും മദ്യവും
മാത്രമോ......
''അങ്ങനെയല്ലെന്ന് അവർ തന്നെ തെളിയിക്കട്ടേ....

പ്രാർത്ഥിക്കുന്നു,കാത്തിരിക്കുന്നു,പ്രതീക്ഷയോടെ.......''



ഡോ:സ്മിത എസ് നായർ
**{Little KITEs MISTRESS}**
എച്ച് എസ് വിഭാഗം*ഹിന്ദി*



# POEMS

# Love



*I love one woman ,*
*Who gave birth to me*
*She is my mother*

*Who feeds me*

*I love one man*
*Who is my father*
*He gives me food*
*And dress to wear*

*I love some people*
*Who teaches me*
*They are my teachers ,*
*Who lead in a right way*

*I love some children*
*Who helps me*
*They are my friends*
*Who plays with me*

*These are some people and*
*There are some peopleS*
*Who likes me and*

*Who loves me*

*AJMI A.S 7:E*

# MY CLASS



*Colourful perforated beads of life*
*Enter one by one into a box*
*Creating dissonance on entry,*
*Some silent, some patient, some adapting*
*Some petulant, fretful, discontent*
*Some cheering, jolly, exhorting,*
*Some untouched by reality*
*Fly with wings in a dream world.*
*Some noisy, horrifying, untamed*
*Some chatterboxes sharing curious innovations.*
*One fed of reality tries to follow the fantasy.*
*But bumps up and hides himself.*
*Follows his path and deciphers him up.*
*Yet all together under one shelter,*
*One care, One roof, One dwelling*
*Stringing one by one around her neck,*
*The sorceress walks out!*
***With a glimmering, glistening,***
***vibrantRainbow around her neck andWith an enlightenment in her heart,***
*The Journey Continues......................*


**PREMA PILLAI.N**
**H S A ENGLISH**



# ലേഖനവും കഥകളും



# എന്റെ കേരളം എന്റെ ഭാവനയിൽ




ഇന്ത്യയിലെ തെക്കു പടിഞ്ഞാറെ അറ്റത്തിലെ കൊച്ചു സംസ്ഥാനമാണ് നമ്മുടെ കേരളം. കന്യാകുമാരി മുതൽ കാസർഗോഡ് വരെ നീണ്ടുനിൽക്കുന്ന ഭൂപ്രദേശമാണ് കേരളം.

കേരളത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കുന്നു.1956 നവമ്പർ 1-ന് കേരളം രൂപീകൃതമായി.
കേരളത്തിന്റെ മാതൃഭാഷ മലയാളവും, തലസ്ഥാനം തിരുവനന്തപുരവുമാണ്.

കേരളത്തിലെ പ്രധാനപ്പെട്ട ആഘോഷമാണ് ഓണം. കേരളത്തിന്റെതനത് കലാരൂപമാണ് കഥകളി. ഔദ്യോഗിക മുദ്ര അശോക സ്തംഭവും, പുഷ്പം കണിക്കൊന്നയും, വൃക്ഷം തെങ്ങും, മൃഗം ആനയും, പക്ഷി വേഴാമ്പലും ആണ്.

കേരളത്തിൽ 14 ജില്ലകളും,34 കായലുകളും,44 നദികളുമാണ് ഉള്ളത്. ഏറ്റവും വലിയ നദിയാണ് പെരിയാർ. 75 താലൂക്കുകളും,
1664 വില്ലേജുകളും,
6 കോർപ്പറേഷനുകളും,87 നഗരസഭകളും,941 ഗ്രാമപഞ്ചായത്ത്, എന്നിങ്ങനെ കേരളത്തെ വിഭജിച്ചിരിക്കുന്നു.
കേരളത്തെ " കേരനാട് " എന്നുംവിശേഷിപ്പിക്കുന്നു. കേരളത്തിലെ പ്രധാന കൃഷിയാണ് നെൽകൃഷി. മുൻകാലങ്ങളിൽ കേരളീയർ കൃഷിയെ ആശ്രയിച്ചിരുന്നു കേരളത്തിൽ മഹാൻമാരായ അനേകം കവികളുമുണ്ട്.

മനുഷ്യന്റെ കടന്നുകയറ്റം കാരണം ഈ കഴിഞ്ഞ ആഗസ്റ്റ് അനുഭവിച്ച വൻദുരന്തമാണ് പ്രളയം. പ്രളയത്തെ തുടർന്ന് നിരവധി മനുഷ്യർക്ക് വൻ നാശനഷ്ടങ്ങൾ ഉണ്ടായി. കാലാവസ്ഥയിലെ വ്യതിയാനം മൂലമാണ് മഹാപ്രളയംനമ്മുടെ നാടിനെ വിഴുങ്ങിയത്.

ഇനി വരും തലമുറയെങ്കിലുംഇത് ഒരു പാഠമായി ഉൾക്കൊള്ളുക. വയലിൽ കൃഷി ചെയ്യുകയും മരങ്ങൾ വെച്ചു പിടിപ്പിക്കുകയും ചെയ്യുക. അങ്ങനെ ആയാൽ നമ്മുടെ കേരളം പഴയതു പോലെ ഭൂപ്രകൃതിയാകും.

*Devinandana.S*
*VI C*

# കാലിത്തൊഴുത്ത്




അന്ന് ഞാൻ മൂന്നാം ക്ലാസ്സിൽ പഠിപ്പിക്കുകയാണ്. എന്റെ മുന്നിൽ ഇരിക്കുന്ന കുട്ടികൾക്ക് കളികളിലൂടെയും പാട്ടിലൂടെയും ആശയങ്ങൾ പങ്കുവയ്ക്കുന്നകാലം.

പരിസരപഠനത്തിൽ ജലം മലിനമാകുന്നത് എങ്ങനെ? മലിനമാകാതിരിക്കാൻ എന്തെല്ലാം ചെയ്യണം?
എന്നീ കാര്യങ്ങളിൽ ചർച്ച നടക്കുകയാണ്.

കിണറിലെ വെള്ളം എങ്ങനെയെല്ലാം മലിനമാകുന്നു എന്ന എന്റെ ചോദ്യത്തിന്...കിണറിനു സമീപം നിന്ന് കുളിക്കരുത്, പശുക്കളെ കുളിപ്പിക്കരുത്, തുണി കഴുകരുത്, കിണറിനു സമീപം കാലിത്തൊഴുത്ത് നിർമ്മിക്കരുത്, സെപ്റ്റിക് ടാങ്കുകൾ കിണറിനു സമീപം വരരുത് എന്നിങ്ങനെ കൊച്ചു കൊച്ചു ഉത്തരങ്ങൾ വന്നു. പെട്ടെന്ന് അപ്പു എഴുന്നേറ്റ് പറഞ്ഞു. കിണറിനു സമീപം കാലിത്തൊഴുത്ത് ഉണ്ടെങ്കിൽ വെള്ളം വൃത്തികേടാവില്ലേ സാറേ എന്ന്. ഞങ്ങൾ എല്ലാവരും തർക്കിച്ചു.
അയ്യേ! ഇയാൾക്കെന്താ മനസിലാകാത്തത്?
പശുക്കളുടെ മൂത്രവും ചാണകവും ഒലിച്ച് കിണറിലേക്ക് ഇറങ്ങില്ലേ - അപ്പോൾ വെള്ളം വൃത്തികേടാവില്ലേ?
പക്ഷേ അപ്പു വെള്ളം മലിനമാകില്ല എന്ന ഉത്തരത്തിൽ തന്നെ ഉറച്ചു നിന്നു.ഞങ്ങൾ പിന്നെയും ഞങ്ങളുടെ ന്യായീകരണം തുടർന്നു.

മണ്ടൻ, ഇവന് ഒന്നും മനസിലാകില്ല എന്ന് ഞങ്ങൾ തീരുമാനിച്ചു. അപ്പു എഴുന്നേറ്റു നിന്ന് പറഞ്ഞു – കാലിത്തൊഴുത്ത് കിണറിനു സമീപം വന്നാൽ എങ്ങനാ കിണറിലെ വെള്ളം മലിനമാകുന്നത് ?


തൊഴുത്ത് കാലിയല്ലേ....... അതിനകത്ത് ഒന്നും ഇല്ലല്ലോ. കാലിയായതു കൊണ്ട് മൂത്രവും ഇല്ല ചാണകവും ഇല്ല.

ഞങ്ങൾ എല്ലാവരും ഒരു നിമിഷം നിശബ്ദരായി അവനെ തുറിച്ചു നോക്കി...ആ നിശബ്ദത പിന്നീട് ഒരു കൂട്ടച്ചിരിയിലാണ് അവസാനിച്ചത്. ഇന്നു വരെയും ഞങ്ങളുടെ ആരുടെയും മനസിൽ ഇല്ലാത്ത-കാലിത്തൊഴുത്ത്- സമാസവും സന്ധിയും ഒന്നും ഇല്ലാത്ത കുഞ്ഞു ചിന്തകളിലെ കാലിത്തൊഴുത്ത് ഇന്നും എന്റെ മനസ്സിൽ മായാതെ നിൽക്കുന്നു.

**ശ്രീലത.പി.ജി**

*(അദ്ധ്യാപിക)*

# ഓർമ്മ



ഉമ്മറക്കോലായിൽ കത്തിച്ചുവച്ച നിലവിളക്ക് അരികിൽ നാമം ചൊല്ലുന്ന അമ്മയും പേരക്കുട്ടിയും മുററത്തെ ഇലഞ്ഞിമരത്തിൽ നിന്നു പൊഴിയുന്ന ഇലഞ്ഞിപ്പൂവിന്റെ മാദകഗന്ധം .

പടിപ്പുരയിൽ വെളിച്ചമേകാൻ റാന്തൽ വിളക്ക്.

പടിപ്പുരയ്ക്കപ്പുറം കണ്ണെത്താദൂരത്തോളം വിശാലമായ നെൽവയലുകൾ

തഴുകി കുശലം ചോദിക്കുന്ന മന്ദമാരുതൻ .....................

അയാൾ ഓർമ്മകളിൽ നിന്നുണർന്നു.

പൂജാമുറിയിൽ നിലവിളക്ക് കരിന്തിരി കത്തുന്നു.

വിഡ്ഢിപ്പെട്ടിയിലെ കണ്ണീർ പരമ്പരകൾക്ക് മുന്നിൽ ഭാര്യയും അമ്മയും .

കുട്ടികളുടെ മുറിയിൽ നിന്നുയരുന്ന പാശ്ചാത്യസംഗീതം.

മുററത്തെ തറയോടിൽ വീണു കരയുന്ന കാലം തെററിയ മഴത്തുള്ളികൾ
ഗേററിനു നിറം ചാർത്തുന്ന വൈദ്യുതവിളക്കുകൾ
ഗേററിനപ്പുറം റോഡിൽ വാഹനങ്ങൾ ചീറിപ്പായുന്നു.
അതിനുമപ്പുറം
കണ്ണെത്താത്തിടത്തോളം
കോൺക്രീററ് കെട്ടിടങ്ങൾ
സിരകളിലേക്ക് ഉഷ്ണം കടത്തി വിടുന്ന മഴവെള്ളത്തിനുപോലും
തണുപ്പിക്കാനാവാത്ത ചൂടക്കാറ്റ്.
അയാൾ തിരിച്ചറിഞ്ഞു
ഇതാണു സത്യം.
സംഭവിക്കാൻ പാടില്ലാത്ത.............
സംഭവിച്ചുകൊണ്ടിരിക്കുന്ന............
വലിയ സത്യം................

ശ്രീജ.വി.എച്ച്
എച്ച്.എസ്സ്.എ
മലയാളം.



# നമ്മുടെ വിദ്യാലയത്തിന്റെ ചരിത്രം



അയ്യൻകോയിക്കൽ ശ്രീധർമ്മ ശാസ്താവിന്റെ കൃപകടാക്ഷത്താൽ പരിപാവനമായ,നൂറ്റാണ്ടിന്റെ വിദ്യാദാന പാരമ്പര്യവുമായിനിലകൊള്ളുന്ന സരസ്വതി ക്ഷേത്രം-അയ്യൻകോയിക്കൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ.

നൂറ്റാണ്ടുകൾക്കപ്പുറം വേലക്കുന്നം തോടുകളും നിറഞ്ഞ ഈ പ്രദേശം 1903 -ൽ രാജവാഴ്ച കാലത്ത് അയ്യൻകോയിക്കൽ ദേവസ്വത്തിന് ഒരു രൂപ വിലയർത്ഥം നൽകിക്കൊണ്ട് നൽകിക്കൊണ്ട് ഏറ്റെടുത്ത ഈ ഭൂമിയിൽ രണ്ട് ഓലപുരകളായി അയ്യൻകോയിക്കൽ പ്രൈമറി ബോയിസ് സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചു.

സ്വാതന്ത്ര്യ സമരകാലത്ത് ശ്രീ വെട്ടത്താഴത്ത് വാസുപിള്ള എന്ന അദ്ധ്യാപകനും സംസ്കൃത പണ്ഡിതനുമായ സ്വാതന്ത്ര്യ സമരസേനാനിയുടെ നേതൃത്വത്തിൽ നടന്ന നിയമ ലംഘന സമരങ്ങൾക്ക് നമ്മുടെ വിദ്യാലയം സാക്ഷിയായി.

സ്വതന്ത്ര്യാനന്തരം 1948 ൽ തുടർപഠനത്തിന്റെ അപര്യാപ്തത പരിഹരിക്കാനായി നടത്തിയ ജനകീയ പ്രക്ഷോഭങ്ങളുടെ അനന്തര ഭലമായി തേവലക്കര കോവൂരിൽ പ്രവർത്തിച്ചിരുന്ന രണ്ട് യു.പി സ്ക്കുളുകളിൽ ഒന്ന് നമ്മുടെ വിദ്യാലയത്തോട് ചേർത്തു.

സർവ്വാദരണീയരായശ്രീ.കുമ്പളത്തുശങ്കുപ്പിള്ള,ശ്രീ.എ.എ റഹീം, ശ്രീ.പി.എച്ച്.മുഹമ്മദ് കുഞ്ഞ്,തുടങ്ങിയ സാമൂഹ്യ പരിഷ്കർത്താക്കൾ അഹോരാത്രം നടത്തിയപരിശ്രമത്തിന്റെ ഫലമായാണ് 1966-ൽപ്രദേശവാസികളുടെഹൈസ്കൂൾ എന്ന ചിരകാല സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടത്.

സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ സ്വയം സമർപ്പിത ജീവിതം നയിച്ച ധന്യാത്മാക്കൾ ശ്രീ.കെ.സി.പിള്ള , ശ്രീ പുത്തൂർ രാഘവൻ പിള്ള എന്നിവരുടെ നേതൃത്വത്തിൽ വീടുവീടാന്തരം കയറിയിറങ്ങി ഉൽപ്പന്നപ്പിരിവ് നടത്തി സംഭരിച്ച തുക നൽകി വാങ്ങിയ സ്ഥലത്താണ് ഇന്ന് വിദ്യാലയം നിലകൊള്ളുന്നത്.

1997 ജൂലൈയോടുകൂടി ഇവിടെ ഹയർസെക്കന്ററി വിഭാഗം ആരംഭിച്ചു. ഈ കൊച്ചുകായലോര ഗ്രാമത്തിലെ കയർ,കശുവണ്ടി, കാർഷിക, മൽസ്യബന്ധന മേഖലകളിൽജീവിത മാർഗം കണ്ടെത്തുന്ന സാധാരണക്കാരിൽ സാധാരണക്കാരുടെ മക്കളാണ് ഇവിടുത്തെ വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും.

അയ്യൻകോയിക്കൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ 114 വർഷംപിന്നിടുന്ന ഈ ധന്യവേളയിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് വിവര സാങ്കേതിക വിദ്യയിലൂടെ പുത്തൻകാലത്തിന്റെ പുത്തനറിവുകളേകാൻ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങളിൽ സമഗ്രവും കാലോച്ചിതവുമായ മാറ്റങ്ങൾ വരുത്തി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി മാറുകയാണ്.

# ഒന്റാരീയ



ഇടയപ്പെൺകുട്ടിയാണ് ഒന്റാരീയ.
അവളുടെ ചെറുപ്പത്തിൽ തന്നെ അമ്മയും അച്ഛനും മരണപ്പെട്ടിരുന്നു.ഇപ്പോൾ അനാഥയായ ആ പെൺകുട്ടി ഒരു വീട്ടുവേലക്കാരിയാണ്.ഒരു ദിവസം ഒന്റാരീയ വഴിയരികിൽ കൂടി നടന്നു പോകുകയായിരുന്നു.അപ്പോൾ അവളുടെ അച്ഛന്റെ പഴയകാർ ഡ്രൈവറിനെ അവൾ കണ്ടു.അയാൾക്ക് ഭാര്യയും മക്കളുമില്ലായിരുന്നു.അതുകൊണ്ട് ആ ഡ്രൈവർ അവളോട് ചോദിച്ചു;
മോൾ ആരുടെ മകളാണ്? മോളുടെ പേര് എന്താണ്? അവൾ അതിനു മറുപടി പറഞ്ഞില്ല.രണ്ടാമതും അയാൾ ചോദിച്ചു.മോൾ വണ്ടി അപകടത്തിൽ മരണപ്പെട്ട കേശവന്റെ മകളാണോ?''അതെ' എന്നവൾ പറഞ്ഞു.മോളുടെ പേരെന്താണ്?ഒന്റാരീയ.എന്നാൽ കേറിക്കോളൂ അവള് അയാളെ വിശ്വസിച്ചു.അവൾ ആദ്യമായാണ് കാറിൽ കയറുന്നത്.
അയാൾ അവളെ ആദ്യം കൊണ്ടുപോയത് ഒരു ഹോട്ടലിലേക്കായിരുന്നു.
രണ്ടാമത് ഒരു തുണിക്കടയിൽ,മൂന്നാമത് ബ്യൂട്ടിപ്പാർലറിൽ,നാലാമത് ഒരു വീട്ടിൽ, വീടെന്നു പറഞ്ഞാൽ ഒരു വലിയ ബംഗ്ലാവ്.അങ്ങനെ എല്ലായിടത്തും കയറി ഒരുങ്ങിയാണ് അവൾ ആ ബംഗ്ലാവിൽ എത്തിയത്.പേടിക്കേണ്ട അയാൾ പറഞ്ഞു.തന്റെ അച്ഛൻ മരിക്കുന്നതിനു മുൻപ് അദ്ദേഹം എന്നോട് പറഞ്ഞിരുന്നു,എന്റെ മകളെ തനിക്ക് അറിയാമല്ലോ?അതുകൊണ്ട് താൻ എന്റെ മകളെ എപ്പോഴെങ്കിലും എവിടെവെച്ചെങ്കിലും കണ്ടാൽ തന്റെ മകളായി ഈ ബംഗ്ലാവിലേക്ക് അവൾക്ക് എല്ലാ വിനോദങ്ങളും നൽകി കൂട്ടികൊണ്ട് വരണം.അതു-
കൊണ്ട് ഈ ബംഗ്ലാവ് ഇനി മോളുടെ പേരിലാണ്.അവൾ അതുകേട്ട് പൊട്ടിക്കരഞ്ഞു.പിന്നെ അവൾ അയാളോടൊപ്പം തന്റെ ബാല്യം കഴിച്ചു കൂട്ടി.

*RESHMA.M*
*VI A*

# പണം



പണ്ട് ഒരിടത്ത് ജാഫർ എന്നൊരു ധനികൻ ഉണ്ടായിരുന്നു.

അയാൾ ദാനശീലനായിരുന്നു.ഒരു ദിവസം അയാൾ ദൂരസ്ഥലങ്ങളിലേക്ക് കപ്പലുകളിൽ കച്ചവടത്തിനായി പോകുമായിരുന്നു.അങ്ങനെയാണ് അയാൾ സമ്പന്നനായത്.

അയാളുടെ സത്യസന്തതയെ ആളുകൾ ബഹുമാനിച്ചിരുന്നു.ജാഫറിന് ഒരു മകനേയുള്ളു.വാങ്ക പണക്കാരൻെറ മകനായതിനാൽ വാങ്ക എന്നാണ് അവനെ വിളിച്ചിരുന്നത്.വാങ്ക സുഖലോലുപനായിട്ടാണ് ജീവിച്ചുവന്നത്.അവൻ എന്ത് ആവശ്യപ്പെട്ടാലും ജാഫർ വാങ്ങിച്ചുക്കൊടുക്കും.എന്നാൽ കച്ചവടത്തിരക്കുമൂലം ജാഫറിന് വാങ്കയെ കൂടുതൽ മനസിലാക്കാൻ കഴിഞ്ഞില്ല.വാങ്ക ആവട്ടെ തന്റെ കൂട്ടുകാരുമൊത്ത് കളിച്ചുചിരിച്ചു നടന്നു.വാങ്ക അവന്റെ കൂട്ടുകാരുമൊത്ത് ഒരു കുളക്കരയിൽ കളിക്കുകയായിരുന്നു.പരന്നകല്ലുകൾ വീശിയെറിയുന്ന ഒരുതരം കളിയിൽ അവർ ഏർപ്പെട്ടു.കൂടുതൽ ദൂരം കല്ല് എറിയുന്ന കളി.വാങ്കയുടെ ഊഴം എത്തിയപ്പോൾ അവൻ കീശയിൽ നിന്നും തങ്കനാണയം എടുത്തുവാരിയെറിഞ്ഞു.

മറ്റു കുട്ടികൾ തങ്കനാണയം എടുക്കാൻ വെള്ളത്തിലേക്ക് എടുത്തുചാടി.അത് നോക്കി കാഴ്ച്ചകാർ സബാഷ്,സബാഷ് എന്ന് പറഞ്ഞ് വാങ്കയെ പ്രോത്സാഹിപ്പിച്ചു.

അവൻ ആണെങ്കിൽ കൂടുതൽ ഉത്ഢാഹത്തോടെ തങ്കനാണയം വീശിയെറിയുന്നു.

ഈ സമയം അതു വഴി വന്ന ജാഫർ നടുങ്ങി പോയി.എന്തൊരു നിസ്സാരമായിയാണ് തൻെറ മകൻ പണം വെള്ളത്തിലേക്ക് വലിച്ചെറിയുന്നത്.ഈ കാര്യത്തിൽ ദുഃഖിച്ച് ജ്ഫറിൻെറ സുഹൃത്തിനോട് ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞു.''എൻെറ മകനെ നല്ലവഴിക്കു നയിക്കാൻ കഴിഞ്ഞില്ല. പണത്തിന് അവനൊരു വിലയും കൽപ്പിക്കുന്നില്ല....''ജാഫർ ദുഃഖത്തോടെ ചോദിച്ചു എന്താണ് ഇതിനൊരു പോംവഴി?

സുഹൃത്തിനോട് ചോദിച്ചു.ഒരു വഴിയേഉള്ളു.നിങ്ങൾ മകനെ ഉപേക്ഷിക്കു.അതല്ലാതെ മറ്റു മാർഗ്ഗമൊന്നും ഇല്ല.ജാഫർ ഞെട്ടിപ്പോയി 'എൻെറ മകനെ ഉപേക്ഷിക്കാനോ?' ജാഫർ പറഞ്ഞു.ഞാൻ പറയുന്ന രീതിക്ക് പോയാൽ വാങ്കയെ നമുക്ക് നന്നാക്കിയെടുക്കാം.അങ്ങനെ ജാഫർ തൻെറ മകനുമായി യാത്ര പോയി.

അവിടെ എത്തിയപ്പോൾ വാങ്ക നാട്ടുച്ചുറ്റാൻ ഇറങ്ങി.ഒരിടത്ത് മാജിക്ക് കാണിക്കുന്നത് നോക്കി അങ്ങോട്ട് പോയി തിരിച്ചുവന്നപ്പോൾ ജാഫറിനെ

കാണവാനില്ല.കരഞ്ഞുവിളിച്ച നടപ്പുതുടങ്ങി ക്ഷീണിച്ച് അവൻ ഒരു പിടികത്തിണ്ണയിൽ കിടന്നുറങ്ങി.വിശന്നപ്പോൾ പോക്കറ്റിൽ കിടന്ന ഒരു ചെമ്പുനാണയം കൊടുത്ത് അവൻ റൊട്ടി വാങ്ങി തിന്നു. രണ്ട് ദിവസം കഴിഞ്ഞു.


അവൻ തന്റെ വിലകൂടിയ വസ്ത്രം വിറ്റു.ഒരു മാസം കഴിഞ്ഞപ്പോൾ കീറിപ്പറിഞ്ഞ ഒരു കുപ്പായം മാത്രം ശേഷിച്ചു.അവസാനം അവനൊരു പ്രഭുവിന്റെ കീഴിൽ തോട്ടപ്പണിക്ക് ചേർന്നു.കഠിമായി അവൻ ജോലി ചെയ്തു.അങ്ങനെ നാളുകൾ കഴിഞ്ഞു.കിട്ടിയ ചെമ്പുത്തുട്ടുകൾ ശേഖരിച്ച്.വാങ്ക ഒരു തങ്കനാണയം സമ്പാദിച്ചു.

ഒരു ദിവസം അവൻ പുഴക്കരികിൽ ഇരിന്നപ്പോൾ ജാഫർ അവിടെ എത്തി.

വാങ്ക ഓടിച്ചെന്ന് ജാഫറിനെ കെട്ടിപ്പിടിച്ചു.ജാഫറിന്റെ സുഹൃത്തും ഒപ്പം ഉണ്ടയിരുന്നു.''എന്താണ് നിന്റെ കൈയ്യിൽ?''അവൻ നാണയം അച്ഛനെ കാണിച്ചു.അച്ഛൻ അതു വാങ്ങി എറിയാനായി പോയപ്പോൾ വാങ്ക തടഞ്ഞു.''ഞാൻ എത്ര കഷ്ട്പ്പെട്ടതാണെന്ന് അറിയാമോ?''അച്ഛൻ ചിരിച്ചു.''നീ ഇപ്പോഴെങ്കിലും പണത്തിന്റെ വില തിരിച്ചറിഞ്ഞല്ലോ?''അതേ അച്ഛാ എനിക്ക് എന്റെ തെറ്റ് മനസിലായി എന്നോട് ക്ഷമിക്കണം.'' ജാഫർ തന്റെ മകനുമായി സന്തോഷത്തോടെ വീട്ടിലേക്ക് പോയി.

**NISFAL.N**

*X C*



# അമ്മയുടെ ഓർമ്മ




മകന്റെ കാറിന്റെ പിൻസീറ്റിൽ ഒരു പഴയ തുണിസഞ്ചിപോലെ തന്റെ വീട് പുറകിലേക്ക് മറയുന്നതും നോക്കി അവർ ചുരുണ്ടുകിടന്നു.മകനും മരുമകളും ഒരുപാടു ശകാരങ്ങളും കുത്തുവാക്കുകളും പറഞ്ഞത് അവരോർത്തു എങ്കിലും ആ മനസ്സുനിറയെ അപ്പോൾ ഒരൊറ്റ പ്രാർ ത്ഥനയെ ഉണ്ടായിരുന്നുള്ളു,മക്കൾക്കൊരാപത്തും ഉണ്ടാകരുത്.

അമ്മ പഴയ കാര്യങ്ങൾ ഓർക്കാൻ തുടങ്ങി,അന്നവർ കൊച്ചുകുട്ടികളായാരുന്നു. അന്ന്അവർക്ക്അമ്മയെ  വളരെ ഇഷ്ടമായിരുന്നു.അവരുടെ അച്ഛന്ഏതോ വലിയരോഗം പിടിപെട്ടു.ഒരു ദിവസം ആ രോഗം കൂടുതലായിവന്നു, മരിക്കുമെന്ന് അറിഞ്ഞപ്പോൾ അദ്ദേഹം മക്കളോട് ഒരുകാര്യം പറഞ്ഞു,നിങ്ങളുടെ അമ്മയെ പൊന്ന്പോലെ നോക്കണമെന്ന് ...ഒടുവിൽ  അച്ഛൻ മരിച്ചു.അദ്ദേഹം മരിച്ചിട്ടും ആ അമ്മ ധൈര്യം കൈവിടാതെ കഠിനമായ ജോലി ചെയ്ത് മക്കളെ പോറ്റി.

അങ്ങനെയിരിക്കെ ഒരു ദിവസം കടക്കാർ അവരുടെ വീടാക്രമിച്ചു.ആ ആക്രമ ണത്തിൽ വീട്  ഒഴിഞ്ഞു കൊടുക്കേണ്ടതായിവന്നു.അതിനുശേഷം അവർ തെരുവിലേക്ക് ഇറങ്ങി. എന്നിട്ടും ആ അമ്മ വിഷമമൊന്നും അറിയിക്കാതെ മക്കളെ പഠിക്കാൻ വിട്ടു. അപ്പോൾ അമ്മയുടെ ഇളയമകൻ  പറഞ്ഞു "ഞാൻ വളരുമ്പോൾ അമ്മയെ രാജക്കൊട്ടാരത്തിൽ വാഴിക്കാം".

ആ അമ്മയുടെ ഭർത്താവിന്റെ   ധനികനായ കൂട്ടുകാരൻ ഒരിക്കൽ അവരെ കാണുവാൻ ഇടയായി.അവരുടെ അവസ്ഥ കണ്ട അദ്ദേഹം അവർക്കൊരു വീടു നൽകി.വീട് കിട്ടിയപ്പോൾ ഒരാഗ്രഹം നടന്നതു പോലെ തോന്നി.അമ്മ തന്റെ മക്കളെ

പഠിപ്പിച്ച് വലിയ നിലയിലാക്കി.ഒടുവിൽ അവരെ വിവാഹം കഴിപ്പിച്ചു,ഭാര്യമാരായപ്പോൾ ആ അമ്മ അവിടുത്തെ വേലക്കാരിയായി മാറി.കഠിനമായ ജോലികൾ ചെയ്യിപ്പിച്ചു. ജോലിചെയ്ത് ക്ഷീണിതയായ അമ്മ അവരോടിത്തിരി വെള്ളം ചോദിച്ചു,അതിനവർ അമ്മയെ തെരുവുനായയെ തല്ലുന്നതുപോലെ തല്ലി കെട്ടിയിട്ടു.അപ്പോഴാണ് അമ്മയോർത്തത് തന്റെ ഭർത്താവ് മരണക്കിടക്കയിൽ പറഞ്ഞ വാക്കുകൾ.ആ ഓർമ്മകളിൽ തട്ടിയുണർത്തി മകൻ ആ അമ്മയെ വലിച്ചിഴച്ച് തെരുവിലേക്ക് ഒറ്റയേറ്.

അമ്മയുടെ ഓർമ്മകൾക്ക് അവസാനമായത് ഇന്നായിരുന്നു.അമ്മയെ ഉപേക്ഷിച്ചു പോയ മക്കൾക്ക് തുടർന്നുള്ള ദിവസങ്ങളിൽ ഫാസ്റ്റ്ഫുഡ് കഴിക്കേണ്ടതായി വന്നു. ഭാര്യമാർക്ക് ജോലിചെയ്യാൻ മടിയായി.കൂടാതെ ഫാസ്റ്റ്ഫുഡ് കഴിക്കുന്നതിന്റെ ഫലമായി ഇവർക്ക് മാരകമായ രോഗം പിടിപെട്ടു.രണ്ട് മാസം ആശുപത്രിയിൽ കിടക്കേണ്ടിവന്നു.ആശുപത്രിയിൽ നിന്ന് തിരിച്ച് വന്ന ഇവർക്ക് അമ്മയെ തെരുവിലാക്കിയതിനാൽകുറ്റബോധം തോന്നി.

അമ്മയെ തിരികെ വിളിക്കാനായി തെരുവിലേക്ക് ചെന്നപ്പോൾ ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കി പിച്ചും പേയും പറയുന്ന അമ്മയെയാണ് കണ്ടത് ,അവർ അമ്മയെ ചികിത്സിച്ച് ഭ്രാന്ത് മാറ്റി .പിന്നീട് അവർ ശപഥം എടുത്തു,ഇനിമുതൽ ഞങ്ങൾക്ക് അമ്മയെക്കാൾ വലുതായി ഈ ഭൂമിയിൽ ഒന്നുമില്ലെന്നും ഇനിയൊരിക്കലും ഞങ്ങൾ അമ്മയെ പിരിയില്ലെന്നും.ഈ കഥയുടെ ഗുണപാഠം,'' അമ്മയാണ് ദൈവം..”

**സ്വാതി.എസ്സ്**

***IX A***



**ചവറയെന്ന നമ്മുടെ പ്രദേശത്തെ ലോക ജനതയുടെ മനസ്സിൽ സ്ഥാനം നേടിക്കൊടുത്ത ചവറയുടെ മണ്ണിൽ പിറവി എടുത്ത മൺമറഞ്ഞു പോയവരും ജീവിച്ചിരിക്കുന്നവരുമായ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സാഹിത്യ രംഗത്തെ പ്രമുഖ വ്യക്തികളെ പരിചയപ്പെടാം**

# പുളിമാന പരമേശ്വരൻനായർ



***കൊല്ലം ജില്ലയിലെ ചവറയിൽ ചിറ്റേഴത്ത് ശങ്കരപിള്ളയുടെയും പുളിമാന എൽ. കുഞ്ഞിപ്പിള്ളയുടെയും മകനായി ജനിച്ചു. ബി.എ ഓണേഴ്സ് പാസായി. ബോംബെയിൽ നിയമ പഠനത്തിനായി പോയെങ്കിലും രോഗ പീഡയാൽ ഉപേക്ഷിച്ചു. പുരോഗമന സാഹിത്യം മലയാളത്തിൽ സജീവമാകാൻ തുടങ്ങിയ കാലത്താണ് പുളിമാന കഥകളെഴുതിത്തുടങ്ങിയത്. കോളേജ് വിദ്യാഭ്യാസത്തിനുശേഷം നാടകരംഗത്ത് സജീവമായ സാന്നിദ്ധ്യമായിരുന്നു. നാടകകൃത്ത്, അഭിനേതാവ്, ഗായകൻ, കഥാകാരൻ എന്നീ നിലകളിൽ പ്രശസ്തി നേടി. മലയാളത്തിലെ ആദ്യത്തെ എക്സ്പ്രഷനിസ്റ്റ് നാടകം എന്നറിയപ്പെടുന്ന 'സമത്വവാദി' രചിച്ചു. 1948 ഫെബ്രുവരി 22-ന് അന്തരിച്ചു.***

## സി.പി. കരുണാകരൻ പിള്ള



സി പി ഐ എം നേതാവും ആറാം കേരള നിയമ സഭാംഗവുമായിരുന്ന സി.പി. കരുണാകരൻ പിള്ള(1925 - 27 ആഗസ്റ്റ് 2005).

ജനനം-ചവറ

**അടൂർ നിന്ന് സി.പി.ഐ അംഗമായാണ് നിയമ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. സി.പി.എം കൊല്ലം ജില്ലാ സെക്രട്ടറിയും സി.ഐ.ടി.യു കൊല്ലം ജില്ലാ പ്രസിഡന്റും അതിന്റെ ദേശീയ പ്രവർത്തന സമിതി അംഗവുമായിരുന്നു. 1948 ൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായി. ആറര വർഷത്തോളം ജയിൽ ശിക്ഷ അനുഭവിച്ചു.**

# സി എൻ ശ്രീകണ്ഠൻനായർ



1928-ൽ കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. അച്ഛൻ: നീലകണ്ഠപിള്ള. അമ്മ: മാധവിക്കുട്ടിയമ്മ. ഭാര്യ കനകലത. ഉണ്ണിക്കൃഷ്ണനും അംബികയുമാണ് മക്കൾ. വിദ്യാർത്ഥി കോൺഗ്രസ്, ആർ.എസ്.പി. എന്നീ സംഘടനകളുടെ പ്രവർത്തകനും നേതാവും, കൗമുദി വാരിക, കൗമുദി ദിനപത്രം, ദേശബന്ധു വാരിക, കേരളഭൂഷണം എന്നിവയുടെ പത്രാധിപരുമായി പ്രവർത്തിച്ചു. കുറെക്കാലം ജില്ലാ ഇൻഫർമേഷൻ ഓഫീസർ ആയി ജോലി നോക്കി. ചെറുകഥകൾ എഴുതിയിട്ടുണ്ടെങ്കിലും നാടകകൃത്ത് എന്നനിലയിലാണ് ഇദ്ദേഹം പ്രശസ്തനായത്. കാഞ്ചനസീത എന്ന നാടകത്തിന് 1962-ലെ സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. ഈ നാടകത്തിന്റെ ആശയത്തിൽ അരവിന്ദൻ, 1977-ൽ ഇതേ പേരിൽത്തന്നെ ഒരു ചലച്ചിത്രവും സംവിധാനം ചെയ്തിട്ടുണ്ട്. എം.പി. പോൾ സമ്മാനം നേടിയ നാടകമാണ് നഷ്ടക്കച്ചവടം. സി.എൻ.ശ്രീകണ്ഠൻ നായർ 1976-ൽ അന്തരിച്ചു

.

## ബിഷപ് ജെറോം കോയിവിള




കൊല്ലത്തെ ഭാരതീയനായ ആദ്യത്തെ ബിഷപ്പാണ് ബിഷപ് ജെറോം കോയിവിള എന്ന ഡോ. ജെറോം എം. ഫെർണാണ്ടസ്.

ഇദ്ദേഹം 1901 സെപ്റ്റംബർ 8 ന് ചവറയിലെ കോയിവിളയിൽ ജനിച്ചു. 36 ആം വയസ്സിൽ ജെറോം കൊല്ലത്തെ ബിഷപ്പായി സ്ഥാനമേറ്റു. അന്നദ്ദേഹം ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ബിഷപ്പായിരുന്നു.

# അഴകത്ത് പത്മനാഭക്കുറുപ്പ്



ചവറ തെക്കുംഭാഗത്ത് അഴകത്ത് തറവാട്ടിൽ ജനിച്ചു.അഴകത്തു പള്ളിയാടി ഈശ്വരൻ പത്മനാഭൻ എന്നാണ് കവിയുടെ മുഴുവൻ പേര്.1894-ലാണ് അദ്ദേഹം രാമചന്ദ്രവിലാസം എഴുതാൻ ആരംഭിച്ചത്.[3] 1918 മുതൽ ചവറ ഇംഗ്ലീഷ് ഹൈസ്കൂളിൽ മലയാളം മുൻഷിയായി ജോലി ചെയ്തു.1894 മുതൽ മലയാളി പത്രത്തിൽ ഖണ്ഡശ്ശ പ്രകാശനം ചെയ്ത രാമചന്ദ്രവിലാസം പുസ്തകമായതു 1907 ലാണ് ഇരുപതോളം പുസ്തകങ്ങൾ രചിച്ചു.1931 നവംബർ 6 ന് (കൊ.വ. 1107 തുലാം 20) 62-ആം വയസ്സിൽ അന്തരിച്ചു.

## ഒ.എൻ.വി. കുറുപ്പ്



| | |
|---|---|
| ജനനം | 1931 മേയ് 27<br>ചവറ |
| മരണം | 2016 ഫെബ്രുവരി 13(പ്രായം84)<br>തിരുവനന്തപുരം |
| വിദ്യാഭ്യാസം | ബിരുദാനന്തര ബിരുദം |
| തൊഴിൽ | കവി,പ്രൊഫസ്സർ |
| ജീവിത പങ്കാളി | പി.പി. സരോജിനി |
| കുട്ടി(കൾ) | രാജീവൻ , ഡോ.മായാദേവി |
| മാതാപിതാക്കൾ | ഒ. എൻ. കൃഷ്ണകുറുപ്പ് , കെ. ലക്ഷ്മിക്കുട്ടി അമ്മ |

മലയാളത്തിലെ പ്രശസ്ത കവിയായിരുന്ന ഒ.എൻ.വി കുറുപ്പ് (ജനനം: 27 മെയ് 1931, മരണം: 13 ഫെബ്രുവരി 2016). ഒ.എൻ.വി. എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു.ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം. 1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്. സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു.പത്മശ്രീ (1998), പത്മവിഭൂഷൺ (2011)ബഹുമതികൾ നൽകികേന്ദ്രസർക്കാർ ആദരിച്ചിട്ടുണ്ട്..നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും നൃത്തശിൽപങ്ങൾക്കും ഗാനങ്ങൾ രചിച്ചിട്ടുണ്ട്.



# പന്മന രാമചന്ദ്രൻ നായർ

കേരളത്തിലെ അറിയപ്പെടുന്ന ഭാഷാ പണ്ഡിതനും എഴുത്തുകാരനുമായിരുന്നു പന്മന രാമചന്ദ്രൻ നായർ(ജനനം:1931 ഓഗസ്റ്റ് 13 മരണം: 2018 ജൂൺ 5).പന്മന,ചവറ,കൊല്ലം

ഭാഷാ സംബന്ധിയായും സാഹിത്യ സംബന്ധിയായുമുള്ള പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.മലയാള ഭാഷയുടെ ഉപയോഗത്തിൽ സർവ്വസാധാരണമായി സംഭവിച്ചുകൊണ്ടിരിക്കുന്ന അക്ഷരപ്പിശകകളും, വ്യാകരണ പിശകകളും ചൂണ്ടിക്കാണിച്ച് കൊണ്ട് ആനുകാലികങ്ങളിൽ നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.പ്രധാന കൃതികൾ- ആശ്ചര്യചൂഡാമണി, തെറ്റും ശരിയും

മരണം-2018 ജൂൺ 5

# ബാരിസ്റ്റർ എ. കെ. പിള്ള



കേരളത്തിലെ അറിയപ്പെടുന്ന അഭിഭാഷകനും പത്രാധിപരും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്നു

ജനനം:1893 ഏപ്രിൽ 16,കരുനാഗപ്പള്ളി

മരണം:1949 ഒക്ടോബർ 5 ന് അന്തരിച്ചു,കേരള

ദേശീയത:ഇന്ത്യ


ജീവിതപങ്കാളി:ഗോമതിയമ്മ

മുഴുവൻ പേര്:അയ്യപ്പൻപിള്ള കൃഷ്ണപിള്ള

ബാരിസ്റ്റർ ഏ.കെ.പിള്ള എന്നും അറിയപ്പെടുന്നു.


കൊല്ലം ജില്ലയിലെ തേവലക്കരയിൽ പാലയ്ക്കൽ പുത്തൻ വീട്ടിൽ 1893 ഏപ്രിൽ 16 നു ജനിച്ചു.

# കെ സി പിള്ള



മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവും സി.പി.ഐ.യുടെ സംസ്ഥാന അസിസ്റ്റൻറ് സെക്രട്ടറിയുമായിരുന്നു[1] കെ.സി. പിള്ള ചവറ തേവലക്കര പുത്തൻസങ്കേതം കാരിച്ചൽവീട്ടിൽ കൃഷ്ണപിള്ളയുടെയും പദ്മാവതിയമ്മയുടെയും മകനാണ് കെ.സി. പിള്ള, പദ്മാവതിയമ്മയാണ് ഭാര്യ. പ്രമുഖ വ്യവസായിയായ ബി. രവിപിള്ള ഇദ്ദേഹത്തിന്റെ അനന്തരവനാണ്. അയ്യൻകോയിക്കൽ സർക്കാർ യു.പി.എസ്., ചവറ സർക്കാർ ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു കെ.സി. പിള്ള വിദ്യാഭ്യാസ ചെയ്തിരുന്നത്.വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ രാഷ്ട്രീയ രംഗത്തെത്തിയ കെ.സി.പിള്ള കർഷകത്തൊഴിലാളികളെയും കയർത്തൊഴിലാളികളേയും സംഘടിപ്പിച്ചുകൊണ്ടാണ് രാഷ്ട്രീയത്തിൽ ചുവടുറപ്പിക്കുന്നത്.വിമോചനസമരക്കാലത്താണ് ഇദ്ദേഹം പാർട്ടിയുടെ നേതൃനിരയിലേക്കുയർന്ന് വന്നത്. സി.പി.ഐ. സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി, സി.പി.ഐ.സംസ്ഥാന കൺട്രോൾ കമ്മീഷൻ ചെയർമാൻ, കൊല്ലം ജില്ലാ സെക്രട്ടറി, എൽ.ഡി.എഫ്. കൊല്ലം ജില്ലാ കൺവീനർ, എന്നീ നിലകളിൽ പ്രവർത്തിച്ച് ഇദ്ദേഹം ദീർഘകാലം കരുനാഗപ്പള്ളി താലൂക്ക് സെക്രട്ടറിയുമായിരുന്നു.

# വി. സാംബശിവൻ



1929 ജൂലൈ 4-ന് കൊല്ലം ജില്ലയിലെചവറ തെക്കുംഭാഗം നടുവത്തുചേരി മേലൂട്ട് വേലായുധന്റെയും ശാരദയുടെയും ആദ്യ പുത്രനായി ജനിച്ചു.ചവറ സൗത്ത് ഗവണ്മെന്റ് യു.പി.സ്കൂളിലും ഗുഹാനന്ദപുരം സംസ്കൃത സ്കൂളിലും ചവറ ശങ്കരമംഗലം സ്കൂളിലും പ്രാഥമിക വിദ്യാഭ്യാസം. കൊല്ലം *ശ്രീനാരായണ കോളജ് കൊല്ലം* നിന്നു ബി.എ ഒന്നാം ക്ലാസ്സിൽ പാസ്സായി. 1957 ൽ ഗുഹാനന്ദപുരം ഹൈസ്കൂളിൽ അദ്ധ്യാപകനായി.സുതാര്യവും ലളിതവുമാണ് ഷേക്സ്പിയർ സാഹിത്യം എന്ന നവാനുഭവമാണ് സാംബശിവന്റെ കഥാപ്രസംഗങ്ങൾ മലയാളിക്ക് സമ്മാനിച്ചത്.1996 ഏപ്രിൽ 23-ന് 67-ആം വയസ്സിൽ അദ്ദേഹം അന്തരിച്ചു.

# ബേബി ജോൺ



കേരളത്തിലെ അറിയപ്പെടുന്ന രാഷ്ട്രീയ പ്രവർത്തകനും റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി (ആർ.എസ്.പി) നേതാവുമാണ് ബേബി ജോൺ. നിരവധി തവണ മന്ത്രി സ്ഥാനം വഹിച്ച ഇദ്ദേഹം ആർ.എസ്.പി യുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ ചവറ മണ്ഡലത്തെ പ്രതിനിധീകരിച്ച് എം.എൽ.എ ആയിരുന്നു..തൊഴിൽ വകുപ്പ് മന്ത്രി ആയിരുന്ന ഷിബു ബേബി ജോൺ മകനാണ്. നാലു പതിറ്റാണ്ടോളം നിയമസഭാംഗം ആയിരുന്ന ബേബി ജോൺ മൂന്ന് പതിറ്റാണ്ടോളം മന്ത്രിയായിരുന്നു. 2008 ജനുവരി 29 ന് നിര്യാതനായി.

# കെ.പി.എ.സി. സണ്ണി

*സണ്ണി ഡിക്രൂസ്*

***ജനനം-1934 ഏപ്രിൽ 18***
***ചവറ***




മലയാളചലച്ചിത്ര നടനാണ്കെ.പി.എ.സി. സണ്ണി. നാടകനടനായി കലാജീവിതമാരംഭിച്ച സണ്ണി 1970 ൽ ആണ് ചലച്ചിത്രരംഗത്ത് പ്രവേശിക്കുന്നത്. 250 ൽ അധികം ചിത്രങ്ങളിൽ സണ്ണി അഭിനയിച്ചിട്ടുണ്ട്.കെ.പി.എ.സി.,കലാനിലയം, കോട്ടയം നാഷണൽ തിയേറ്റേഴ്സ്, നളന്ദ, കൊല്ലം വയലാർ നാടകവേദി, ആറ്റിങ്ങൽ ദേശാഭിമാനി തിയറ്റേഴ്സ് തുടങ്ങി പല നാടകസമിതികളിലും അദ്ദേഹം പ്രവർത്തിച്ചിരുന്നു.എ.വിൻസെന്റിന്റെ സംവിധാനത്തിൽ 1970 ൽ പുറത്തിറങ്ങിയ സ്നേഹമുള്ള സോഫിയ എന്ന ചിത്രത്തിലാണ് സണ്ണി ആദ്യമായി അഭിനയിക്കുന്നത്.നിരവധി തവണ ഫിലിം ക്രിട്ടിക്സ് അവാർഡും 2005 ൽ ഇ.പി.ടി.എ. പുരസ്കാരവും ലഭിച്ചിട്ടുണ്ട്. 72-ആം ജന്മദിനമായിരുന്ന 2006 ഏപ്രിൽ 18 ന് ഹൃദയാഘാതം മൂലം അദ്ദേഹം അന്തരിച്ചു.

# <u>കോയിവിള വിജയൻ</u>

## അകാലത്തിൽ പൊലിഞ്ഞു പോയ  ചവറയിലെ കോൺഗ്രസിൻരെ അമരക്കാരൻ



## <u>ചവറ കെ.എസ്. പിള്ള</u>

***മലയാള കവിയും ബാലസാഹിത്യകാരനും സാംസ്കാരിക പ്രവർത്തകനുമാണ് ചവറ കെ.എസ്. പിള്ള(ജനനം: 24 ഒക്ടോബർ 1939 )എന്നറിയപ്പെടുന്ന കെ. സദാശിവൻ പിള്ള.939 ഒക്ടോബർ 24 ന കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. ചവറ മുക്കത്തോട് ഗവ.യു.പി.എസിലും ചവറ കൊറ്റംകുളങ്ങര സ്കൂളിലും ശങ്കരമംഗലം ഹൈസ്കൂളിലും പഠിച്ചു. ഏഴാംക്ലാസിൽ പഠിക്കുമ്പോൾ കവി ഒ. എൻ. വി. കുറുപ്പിന്റെ അവതാരികയോടെ ആദ്യ കവിതസമാഹാരം 'ചോരപ്പൂക്കൾ' പ്രസിദ്ധീകരിച്ചു. ആരോഗ്യ വകുപ്പിൽനിന്നും വിരമിച്ചു. യുവകലാസാഹിതിയുടെ സംസ്ഥാന വൈസ് പ്രസിഡ്ന്റ് ആണ്.ആശ്രയ മാതൃനാട് എന്ന മാസികയുടെ പത്രാധിപർ ആണ.സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ദക്ഷിണ മേഖലാ പ്രതിനിധിയാണ്.കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംസ്ഥാന വൈസ് പ്രസിഡണ്ടാണ്.***

## ചവറ പാറുക്കുട്ടി



ചവറ പാറുക്കുട്ടി(ജനനം മാർച്ച് 21, 1944) കേരളത്തിലെ വിഖ്യാതയായ ഒരു കഥകളി ആട്ടക്കാരിയാണ്. പൊതുവേ പുരുഷാധിപത്യം ശീലമായിരുന്ന കഥകളി രംഗത്തെ ആദ്യത്തെ സ്ത്രീസാന്നിദ്ധ്യമാണ് അവർ അൻപതുവർഷത്തിലധികം കാലമായി അവർ കപ്ലിങ്ങാടൻ സമ്പ്രദായത്തിലുള്ള കഥകളിയരങ്ങുകളിലെ സജീവതാരമാണ്.ചവറ പാറുക്കുട്ടി കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ ചവറ ചെക്കാട്ടു കിഴക്കതിൽ എൻ. ശങ്കരൻ ആചാരിയുടെയും നാണിയമ്മയുടേയും മകളായിജനിച്ചു.പതിവിനു വിരുദ്ധമായി, സ്ത്രീവേഷങ്ങൾക്കുപരി, പുരുഷവേഷങ്ങൾ കൈകാര്യം ചെയ്യാനും ചവറ പാറുക്കുട്ടി നിപുണയാണ്. കഥകളിയിലെ ചുവന്ന താടി ഒഴികെ എല്ലാ വേഷങ്ങളും കൈകാര്യം ചെയ്യും. എങ്കിലും പ്രശസ്തമായിട്ടുള്ളത് സ്ത്രീവേഷങ്ങൾ തന്നെ.

## ഷിബു ബേബി ജോൺ



ആർ.എസ്. പി.യുടെ സമുന്നത നേതാക്കളിലൊരാളും ദീർഘകാലം സംസ്ഥാന മന്ത്രിയുമായിരുന്നബേബി ജോണിന്റെയുംഅന്നമ്മ ജോണിന്റെയും മകനായി ജനനം. കേരളത്തിലെ ഒരു രാഷ്ട്രീയ പ്രവർത്തകനും, ആർ.എസ്പി.-യുടെ സംസ്ഥാനസെക്രട്ടറിയേറ്റ് അംഗവുമാണ് ഷിബു ബേബി ജോൺ (ജനനം:ജൂലൈ 27 1963). പതിമൂന്നാമത് നിയമസഭയിൽ തൊഴിൽ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായിരുന്നു.

## ചവറ M L A ശ്രീ എൻ വിജയൻ പിള്ള



## ശ്രീ ബി രവി പിള്ള

## പ്രസിദ്ധ വ്യവസായ പ്രമുഖൻ



## കൽപ്പന,ഉർവ്വശി,കലാരഞ്ജിനി



{ലിസ്റ്റ് അപൂർണ്ണം--അവലംബം-വിക്കിപീഡിയ}













**STELLA S**


**DRAWING TEACHER**

# PICTURES OF OUR CHILD ARTISTS

























# GALLERY


പൊതുവിദ്യാലയം നമ്മുടെ വിദ്യാലയം
സ്കൂൾ പ്രവേശനോത്സവം
ഗവ:ഹയർസെക്കന്ററി സ്കൂൾ, അയ്യൻകോയിക്കൽ






നവാഗതർക്ക് സ്വാഗതം
SPC
സ്റ്റുഡന്റ് പോലീസ് കേഡറ്റ്
ഗവ. എച്ച്.എസ്.എസ്., അയ്യൻകോയിക്കൽ








പൊതുവിദ്യാലയം നമ്മുടെ വിദ്യാലയം
സ്കൂൾ പ്രവേശനോത്സവം
ഗവ:ഹയർസെക്കന്ററി സ്കൂൾ, അയ്യൻകോയിക്കൽ




OFFICE ROOM


SHOT ON REDMI NOTE5 PRO
MI DUAL CAMERA












World Anti Drug Abuse Day JUNE 26
SAY NOT DRUG
SAY NOT DRINK


The Kerala Minerals and Metals Ltd.












SHOT ON REDMI NOTE5 PRO
MI DUAL CAMERA


SHOT ON REDMI NOTE5 PRO
MI DUAL CAMERA






26-07-2018


REDMI NOTE 5 PRO
MI DUAL CAMERA






Sound
SHOT ON REDMI NOTE5 PRO
MI DUAL CAMERA


"ദുരിതബാധിതർക്കൊരു
കൈത്താങ്ങ്"
ഗവ.എച്ച്.എസ്.എസ്
അയ്യൻകോയിക്കൽ കോയിവിള, കൊല്ലം
KL07.BM.9576
SHOT ON REDMI NOTE5 PRO
MI DUAL CAMERA








130




SHOT ON REDMI NOTE5 PRO
MI DUAL CAMERA






REDMI NOTE 5 PRO
MI DUAL CAMERA



# NUMBER CHART

$3^2 - 1^2 = 8 = 2\ (3+1)$

$4^2 - 2^2 = 12 = 2\ (4+2)$

$5^2 - 3^2 = 16 = 2\ (5+3)$

$6^2 - 4^2 = 20 = 2\ (6+4)$

$7^2 - 5^2 = 24 = 2\ (7+5)$

$8^2 - 6^2 = 28 = 2\ (8+6)$

$9^2 - 7^2 = 32 = 2\ (9+7)$

$10^2 - 8^2 = 36 = 2\ (10+8)$

## വർഗവ്യത്യാസം

$2^2 = 12 + (1 + 2) = 4$

$3^2 = 2^2 + (2 + 3) = 9$

$4^2 = 3^2 + (3 + 4) = 16$

$5^2 = 4^2 + (4 + 5) = 25$

$6^2 = 5^2 + (5 + 6) = 36$

$7^2 = 6^2 + (6 + 7) = 49$

$8^2 = 7^2 + (7 + 8) = 64$

$9^2 = 8^2 + (8 + 9) = 81$

$10^2 = 9^2 + (9 + 10) = 100$



***PREPARED BY***

***Little KITEs,***

***GOVT H S S AYYANKOICKAL***

**THANK YOU**